മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2025 നവംബർ 5

ഡോ. ഉഷാ രാജമ്മ ഇന്ത്യൻ അക്കാദമി ഓഫ് ന്യൂറോസയൻസസ് (IAN) ഫെലോ

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇൻറർ-യൂണിവേഴ്സിറ്റി സെൻറർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റലിലെ (IUCBR & SSH) *സീനിയർ സയന്റിസ്റ്റ് ഡോ. ഉഷാ രാജമ്മയെ ഇന്ത്യൻ അക്കാദമി ഓഫ് ന്യൂറോസയൻസസ്* (IAN) *ഫെലോ ആയി തെരഞ്ഞെടുത്തു. ന്യൂറോസയൻസസ് ഗവേഷണ രംഗത്തെ സംഭാവനകൾ പരിഗണിച്ചാണ് ബഹുമതി.*

അക്കാദമിയുടെ 43-മത് വാർഷിക സമ്മേളനത്തിന്റെ ഭാഗമായി ഒക്ടോബർ 31-ന് കോവളത്തെ ഉദയ സമുദ്ര ബീച്ച് ഹോട്ടലിൽ നടന്ന ജനറൽ ബോഡി യോഗത്തിലാണ് പ്രഖ്യാപനം. ഈ വർഷം ഡോ.രാജമ്മ ഉൾപ്പെടെ രാജ്യത്തെ മൂന്നു ശാസ്ത്രജ്ഞർക്ക് മാത്രമാണ് ഫെലോഷിപ്പ് ലഭിച്ചത്. ന്യൂറോസയൻസസ് മേഖലയിലെ വിശേഷിച്ച് ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ് (ASD), *അനൻഷൻ ഡെഫിസിൻ്റ് ഹൈപ്പർആക്ടിവിറ്റി ഡിസോർഡർ* (ADHD) *തുടങ്ങിയ ന്യൂറോഡെവലപ്മെന്റൽ രോഗങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് പ്രധാനമായും പരിഗണിച്ചത്.*

(പി.ആർ.ഒ/39/2171/2025)

പ്രാക്ടിക്കൽ

എം.എ മ്യൂസിക് (വോക്കൽ) അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് ജനുവരി 2025 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 17 മുതൽ 19 വരെ തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക്ക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈനിൽ.

(പി.ആർ.ഒ/39/2172/2025)

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബിഎച്ച്എം (പുതിയ സ്കീം-2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 21 മുതൽ നടക്കും. നവംബർ 10 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 11 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 12 വരെയും അപേക്ഷ സ്വീകരിക്കും.

.....

മൂന്നാം സെമസ്റ്റർ ബിഎച്ച്എം (പുതിയ സ്കീം-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 18 മുതൽ നടക്കും. നവംബർ 10 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 11 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 12 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/2173/2025)

പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്.സി ബേസിക് സയൻസസ് (കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്), എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്) ഇന്റഗ്രേറ്റഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 18 മുതൽ നടക്കും.

.....

ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്.സി ബേസിക് സയൻസസ് (കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ), എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ

ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്) ഇന്റഗ്രേറ്റഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 17 മുതൽ നടക്കും.

(പി.ആർ.ഒ/39/2174/2025)

പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (2023 അഡ്മിഷൻ റഗുലർ, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ജൂലൈ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2175/2025)

പബ്ലിക് റിലേഷൻസ് ഓഫീസർ